**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5631** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ല എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലാ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി 207/2019) എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും അറിയിക്കാമോ; | (എ) | 01.08.2022 ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 185 (നൂറ്റി എൺപത്തിയഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ; | (ബി) | ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുന്നതിന് അടിയന്തര നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേക്കും പി.എസ്.സി നിയമന ശിപാർശ നൽകി വരുന്നു . |

സെക്ഷൻ ഓഫീസർ